# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
# സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരളം.

## സംശയങ്ങളും മറുപടിയും

1. **യാത്രാസൗകര്യം തീരെ കുറവുള്ളതോ/ ഇല്ലാത്തയോ ദൂരമുള്ളതോ ആയ സ്ഥലങ്ങളിലെ സൈറ്റ് വെരിഫിക്കേഷൻ നിശ്ചിത ദിവസത്തിനുള്ളിൽ തീർക്കേണ്ടിവരുമ്പോൾ വളരെ പ്രയാസമുളവാക്കുന്നുണ്ട്. ഇക്കാര്യത്തിൽ എന്താണ് ഞങ്ങൾ ചെയ്യേണ്ടത്.?**

ആദ്യഘട്ട റഗുലർ സോഷ്യൽ ഓഡിറ്റിംഗ് ഇത്തരം പഞ്ചായത്തുകളും വാർഡുകളും ഒഴിവാക്കി പൂർത്തിയാക്കുക. ബാക്കിയുള്ളവ പൂർത്തിയതിനുശേഷം ഇത്തരം പഞ്ചായത്തുകളേയും വാർഡുകളേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകം ഡി.ആർ.പിമാരെ അറിയിക്കുക. ഇക്കാര്യത്തിൽ ഏർപ്പെടുത്തേണ്ട സൗകര്യങ്ങൾ സംബന്ധിച്ച് തീരുമാനമെടുക്കാവുന്നതാണ്. ഇപ്പോൾ സൗകര്യപ്രദമായ പഞ്ചായത്തുകളുടെ റെഗുലർ സോഷ്യൽ ഓഡിറ്റ് നിശ്ചയിക്കപ്പെട്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുക.

2. **സൈറ്റ് വെരിഫിക്കേഷനിൽ വണ്ടികൂലിയും മറ്റ് ചിലവുകളും കൊണ്ട് ലഭിക്കുന്ന തുച്ഛമായ വേതനം തികയാതെ വരുന്നു. വേതനം കൂട്ടി ലഭിക്കുമോ, വേതനത്തിന് പുറമേ യാത്രചെലവ് ലഭിക്കുമെങ്കിൽ വളരെ നന്നായിരുന്നു. ?**

വി.ആർ.പിമാരുടെ നിയമനം കേന്ദ്ര സർക്കാർ പദ്ധതിയുടെ ഭാഗമായി നിശ്ചയിക്കപ്പെട്ട വേതന നിരക്കിലും കൂലി ഘടനയിലുമാണ്. നിലവിൽ യാത്രാചെലവുകൾ നൽകുവാൻ വ്യവസ്ഥയില്ല. എന്നിരുന്നാലും ദുർഘട പ്രദേശങ്ങളിൽ യാത്രാക്കൂലി നൽകുന്നതു സംബന്ധിച്ച നയപരമായ തീരുമാനം ഗവേർണിംഗ് ബോഡിയുടെ അംഗീകാരത്തോടുക്കൂടി നടപ്പിലാക്കുവാൻ ശ്രമിയ്ക്കുന്നതാണ്.

3. **ഇതുവരെ വേതനം ലഭിക്കുവാൻ മാസങ്ങൾ കാത്തിരിക്കേണ്ടിവന്നിട്ടുണ്ട്. യഥാസമയം വേതനം ലഭിക്കുവാനുള്ള നടപടികൾ സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ ഭാഗത്ത് നിന്നും ഇനി ഉണ്ടാകുമോ?**

വേതനകുടിശ്ശിഖ തീർക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.കേന്ദ്രഗ്രാമ വികസന മന്ത്രാലയം 2021-22-ലെ സോഷ്യൽ ഓഡിറ്റ് ഫണ്ട് കുടിശ്ശിഖ ലഭ്യമാക്കിയാൽ ഉടൻതന്നെ മുഴുവൻ റിസോഴ്സ് പേഴ്സൺമാരുടെയും വേതന കുടിശ്ശിഖ നൽകുന്നതിനും തുടർന്ന് ഓരോ മാസവും ഹോണറേറിയവും കൂലിയും ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

4. **ഓഡിറ്റ് ശക്തമാകുമ്പോൾ ശമ്പളവർദ്ധനവ് ഉണ്ടാകുമെന്ന് അറിഞ്ഞിരുന്നു. വി.ആർ.പിമാർക്ക് എന്നെങ്കിലും ശമ്പളം കൂട്ടി തരുമോ?**

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനത്തിനുള്ള ഹോണറേറിയവും കൂലിയും കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമാണ് നിശ്ചയിച്ചിരിക്കുന്നത്. അതുകൊണ്ട് തന്നെ കേന്ദ്രഗവൺമെന്റാണ് ഹോണറേറിയം/വേതനം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച തീരുമാനം കൈക്കൊള്ളേണ്ടത്.

5. **ഇപ്പോൾ വർക്ക് ചെയ്യുന്ന പഞ്ചായത്തുകളിൽ വർക്ക് ചെയ്യാൻ അനുവദിക്കണം. കാരണം മറ്റു പഞ്ചായത്തുകളിലേക്ക് മാറ്റിയാൽ യാത്രാനിരക്ക് മൂലമുള്ള ബുദ്ധുമുട്ട് കാരണമാണ്?**

വി.ആർ.പിമാർ പഞ്ചായത്ത് അടിസ്ഥാനമാക്കിയാണ് നിയമിച്ചിരിക്കുന്നത്. എന്നാൽ നിലവിൽ എല്ലാ പഞ്ചായത്തുകളിലേയ്ക്കും ആവശ്യമായ വി.ആർ.പി.മാർ ലഭ്യമല്ല. പുതിയ നിയമന നടപടികൾ

പൂർത്തിയായി വരുന്നു. പുതിയ വി.ആർ.പിമാരെ നിയമിച്ച് പരിശീലനം പൂർത്തിയാക്കുന്ന മുറയ്ക്ക് വി.ആർ.പിമാർ അതത് ഗ്രാമപഞ്ചായത്തിൽ തന്നെ സേവനമനുഷ്ഠിച്ചാൽ മതിയാകും.

**6. സോഷ്യൽ ഓഡിറ്റ് പ്രവർത്തകരെ (ബി.ആർ.പി/ വി.ആർ.പി) ഈ ജോലിയിൽ സ്ഥിരപ്പെടുത്തുമോ?**

സോഷ്യൽ ഓഡിറ്റിഡ് പ്രവർത്തനങ്ങൾക്ക് നിയോഗിക്കപ്പെട്ട റിസോഴ്സ് പേഴ്സൺമാർ തികച്ചും താൽക്കാലികാടിസ്ഥാനത്തിൽ കരാർ വ്യവസ്ഥ പ്രകാരവും, ദിവസവേതനാടിസ്ഥാനത്തിലുമാണ് ഇപ്പോൾ നിയമിക്കപ്പെടുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നിലിവിൽ വന്ന സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ തുടരുന്നതുവരെ മാത്രമേ നിയമന കാലാവധി തുടരാൻ കഴിയുകയുള്ളൂ.

**7. ത്രിതല പഞ്ചായത്തുകളിൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്കാവശ്യമായ ഓഫീസ് സൗകര്യം ഉണ്ടാകുമോ?**

ത്രിതലപഞ്ചായത്തുകളുടെ സഹായത്തോടുക്കൂടി സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്കാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ശ്രമം നടത്തുന്നതാണ്. സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരുടെ ചുമതല സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നതാണ്. സോഷ്യൽ ഓഡിറ്റ് നടത്തേണ്ടത് ജനങ്ങളും ജനകീയ സംഘടനാ പ്രതിനിധികളുമാണ്. ജില്ലയിലേയും ബ്ലോക്കിലെയും റിസോഴ്സ് പേഴ്സൺമാർക്ക് മാസത്തിലൊരിക്കൽ സംഘടിപ്പിക്കുന്ന റിവ്യൂയോഗങ്ങൾ നടത്തുന്നതിനായി ജില്ലാ പഞ്ചായത്ത് ഓഫീസിലും ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിലും സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട പ്രസിഡന്റ്/സെക്രട്ടറിയോട് രേഖാമൂലം അഭ്യർത്ഥിക്കാവുന്നതാണ്.

**8. വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ തൊഴിൽ ദിന വർദ്ധനവ് ഉണ്ടാകുമോ?**

മറ്റു വകുപ്പുകളുടെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതോടെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ വിപുലീകരിക്കുകയും ചെയ്യുന്നതോടെ വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിന് കഴിയും.

**9. പ്രതിദിന റിപ്പോർട്ട് ടെലിഗ്രാം ഗ്രൂപ്പിൽ ടൈപ്പ് ചെയ്തു പോസ്റ്റ് ചെയ്തിരുന്നതിനാൽ സമയനഷ്ടം, കാര്യക്ഷമത കുറയുകയും ചെയ്തിരുന്നു. ഈ രീതിയിൽ നിന്നും മാറ്റം വരുത്തി എന്തെങ്കിലും ഒരു സാങ്കേതിക ആപ്പിലേക്കോ ലിങ്കിലേക്കോ മാറ്റം വരുത്തുമോ?**

സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട റിപ്പോർട്ടിംഗിനായി ഇതിനകം ആരംഭിച്ച എല്ലാ ടെലഗ്രാം ഗ്രൂപ്പുകളും അവസാനിപ്പിക്കുന്നതിന് ഇതിനകം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജിയോട്രാക്കിംഗ് ഉൾപ്പെടയുള്ള സാങ്കേതികവിദ്യകൾ ഉപയോഗിച്ചുകൊണ്ട് വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ യാത്രാ വിവരങ്ങൾ ശേഖരിക്കുന്നതിനും അവിശ്വാസത്തിലൂടെ മുന്നോട്ട് പോകുന്നതിനും സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ആഗ്രഹിക്കുന്നില്ല. സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട റിപ്പോർട്ടിംഗ് സംബന്ധിച്ച് വിശദമായ മാർഗ്ഗ നിർദ്ദേശം ഉടൻതന്നെ പുറപ്പെടുപ്പെടുവിക്കുന്നതാണ്.

**10. സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കൈക്കൊള്ളുന്ന തീരുമാനങ്ങൾ വി.ആർ.പി ലെവൽ വരെ നേരിട്ട് അറിയുന്ന സംവിധാനം ഉണ്ടാകുമോ ? (നേരിട്ട് ഇമെയിൽ വരുന്ന പോലെ)**

എം.ഐ.എസ്സിൽ വി.ആർ.പിമാരുടെ റജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതോടുക്കൂടി വി.ആർ.പിമാരുടെ മേൽവിലാസം ശേഖരിയ്ക്കുന്നതും മുഴുവൻ വി.ആർ.പിമാർക്കും നേരിട്ട് വിവരങ്ങൾ നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതുമാണ്. നിലവിൽ സോഷ്യൽ ഓഡിറ്റ്

യൂണിറ്റിൽ നിന്നുള്ള അറിയിപ്പുകൾ ജില്ലാ റിസോഴ്സ് പേഴ്സൺമാർക്കും ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്കും നേരിട്ട് ഇ-മെയിൽ വഴിയും വി.ആർ.പി.മാർക്ക് അതത് ബി.ആർ.പിമാർ വഴിയുമാണ് നൽകികൊണ്ടിരിക്കുന്നത്.

**11. സോഷ്യൽ ഓഡിറ്റ് സേവനം വിപൂലികരിക്കുമോ മറ്റ് മേഖലകളിൽ (തൊഴിലുറപ്പ് പദ്ധതി മാത്രം ഓഡിറ്റ് ചെയ്യാതെ മറ്റു ഗവൺമെന്റ് പദ്ധതികൾ കൂടി ഓഡിറ്റ് ചെയ്യുന്ന നിലയിലേക്ക് വിപുലീകരിക്കുമോ) ?**

എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും നിർവ്വഹണവുമായി ബന്ധപ്പെട്ട് സോഷ്യൽ ഓഡിറ്റ് നടത്താൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്തുകളുടെ 15-ാം ധനകാര്യ കമ്മീഷന്റെ ധനസഹായവും, സോഷ്യൽ ഓഡിറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**12. വേതനത്തിന് പുറമേ മറ്റ് ആനുകൂല്യങ്ങൾ അനുവദിക്കുമോ (യാത്രകൂലി/ഇൻഷുറൻസ് പരിരക്ഷ/ബോണസ്)?**

ഇക്കാര്യം കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ സോഷ്യൽ ഓഡിറ്റ് യൂണിറ്റ് നടപടി സ്വീകരിക്കുന്നതാണ്.

**13. സമയബന്ധിതമായി വേതന വിതരണം നിർവഹിക്കുന്നതലത്തിലേക്ക് ഓഡിറ്റ് സംവിധാനം ഉയരുമോ?**

വേതനകുടിശ്ശിഖ തീർക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. കേന്ദ്ര സർക്കാരിൽ നിന്നും സോഷ്യൽ ഓഡിറ്റിന് ലഭിക്കാനുള്ള കുടിശ്ശിഖ ലഭിയ്ക്കുന്ന മുറയ്ക്ക് റിസോഴ്സ് പേഴ്സൺമാരുടെ വേതന കുടിശ്ശിഖ വിതരണം ചെയ്യുന്നതാണ്.

**14. ട്രെയിനിങ് സർട്ടിഫിക്കറ്റ്. ഐ.ഡി കാർഡുകൾ, ഉപകരണങ്ങൾ തുടങ്ങിയവ അനുവദിക്കുമോ.? ഐഡന്റിറ്റി കാർഡ് കൃത്യമായി ഓരോ വർഷവും നൽകുമോ?**

സമയബന്ധിതമായി ഐ.ഡി.കാർഡ്, ഉപകരണങ്ങൾ മറ്റ് സാമഗ്രികൾ എന്നിവ നൽകുവാൻ നടപടികൾ സ്വീകരിയ്ക്കുന്നതാണ്. ഓരോ വർഷവും ഐ.ഡി.കാർഡ് പുതുക്കി നൽകേണ്ട ആവശ്യം നിയമനം പുതുക്കുന്നതോടൊപ്പം വേണ്ടതില്ല.

**15 റെഗുലർ സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായി വി.ആർ.പി മാർക്ക് ചെയ്യേണ്ട വി.ആർ.പി ഡെയിസ് കൂടുതൽ അനുവദിക്കുമോ? ഫീൽഡിന് കൂടുതൽ ഡെയിസ് അനുവദിച്ച് തരുമോ?**

ഒരു പഞ്ചായത്ത് വാർഡിലെ സോഷ്യൽ ഓഡിറ്റിനായി ഇതിനകം അനുവദിച്ചിട്ടുള്ള മനുഷ്യദിനം പര്യാപ്തമാണ്. ദുർഘട പ്രദേശങ്ങൾക്ക് ഡി.ആർ.പിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കുടുതൽ മനുഷ്യദിനം അനുവദിയ്കുന്ന കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

**16. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ ബുക്കുകൾ നൽകാൻ തീരുമാനംആക്കുമോ?**

ഇതിനായി പ്രത്യേക ബുക്ക്, മറ്റ് സ്റ്റേഷനറി സാമഗ്രികൾ നൽകുന്നതിന് ഇപ്പോൾ നിർവ്വാഹമില്ല.

**17. ജോലി സമയങ്ങളിൽ ഉണ്ടാവുന്നഅപകടങ്ങൾക്ക് ഇൻഷ്യൂറൻസ് പരിരക്ഷ ഉറപ്പ് വരുത്താൻ സാധിക്കുമോ?**

ഇക്കാര്യം കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ നടപടികൾ സ്വീകരിയ്ക്കും.

**18. കോവിഡ് പ്രതിസന്ധി നിലനിൽക്കുന്നതിനാൽ വീട് വീടാന്തരം ഉള്ള പരിശോധന ഒഴിവാക്കാൻ സാധിക്കുമോ?**

കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നടത്തേണ്ടതാണ്.

**19. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും ബി.പി.എൽ കുടുംബങ്ങളിലെയും തൊഴിലുറപ്പ് തൊഴിലാളികളുടെ മക്കൾ ആണ് സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ കൂടുതലും വർക്ക് ചെയ്യുന്നത്. ഞങ്ങൾക്ക് ആവശ്യമായ വേതന വർദ്ധനവ് ഉണ്ടാകണം എന്ന് അഭ്യർത്ഥിക്കുന്നു.**

ഇക്കാര്യം കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ സോഷ്യൽ ഓഡിറ്റ് യൂണിറ്റ് നടപടി സ്വീകരിക്കുന്നതാണ്.

**20. ഫീൽഡ്തല പരിശോധന നടത്താൻ കൂടുതൽ സമയം അനുവദിക്കണം. മലയോര പ്രദേശങ്ങളിലെ ബ്ലോക്കിൽ ഉൾപ്പെട്ട ഭൂപ്രദേശം മലയും കുന്നും ബസ് സർവ്വീസ് കുറഞ്ഞ സ്ഥലങ്ങളും ആണ്. ഇത്തരം ദുർഘട പ്രദേശങ്ങളിലെ സോഷ്യൽ ഓഡിറ്റിനായി കൂടുതൽ മനുഷ്യദിനങ്ങൾ അനുവദിച്ചു നൽകാൻ കഴിയുമോ?**

റെഗുലർ സോഷ്യൽ ഓഡിറ്റിന് ഇതിനകം അനുവദിച്ചിട്ടുള്ള ശരാശരി മനുഷ്യദിനം പര്യാപ്തമാണ്. ദുർഘട പ്രദേശങ്ങൾക്ക് ഡി.ആർ.പിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കുടുതൽ മനുഷ്യദിനം അനുവദിയ്കുന്ന കാര്യം പ്രത്യേകമായി പരിശോധിച്ച് തീരുമാനം എടുക്കുന്നതാണ്. സാധാരണ നിലയിൽ ഒരു വാർഡിലെ സോഷ്യൽ ഓഡിറ്റിനായി 8 ദിവസങ്ങൾ മാത്രമാണ് വേണ്ടിവരും എന്ന് കണക്കാക്കിയിട്ടുള്ളത്.

**21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായുള്ള എം.ഐ.എസ് പരിശീലനം ലഭ്യമാകുമോ?**

നിശ്ചയമായും എല്ലാ ജില്ലാ -ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്കും ബി.ആർ.പി (ഇൻചാർജ്ജ്) മാർക്കും സോഷ്യൽ ഓഡിറ്റ് എം.ഐ.എസ്സിൽ വിശദമായ പരിശീലനം ലഭ്യമാക്കുന്നതാണ്. എം.ഐ.എസ് സംബന്ധിച്ച പ്രായോഗികമായ സംശയങ്ങൾ ദൂരീകരിക്കുന്നതിന് സംസ്ഥാന സോഷ്യൽ ഓഡിറ്റ് യൂണിറ്റ് സംവിധാനം സജ്ജമാക്കുന്നതാണ്. എല്ലാ ബി.ആർ.പിമാർക്കും പരിശീലനം സമയബന്ധിതമായി നൽകും.

**22. ആർ.എസ്.എ. നടത്തുമ്പോൾ ബ്ലോക്കിലെ എല്ലാ വി.ആർ.പിമാരെയും ഒരു പഞ്ചായത്തിൽ വർക്ക് ചെയ്യിപ്പിക്കുന്ന രീതി പ്രായോഗികം അല്ല. ഈ കാര്യത്തിൽ വ്യക്തത തരണമെന്ന് അഭ്യർത്ഥിക്കുന്നു.?**

ഒരു പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലേയും സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കിയാൽ മാത്രമേ എം.ഐ.എസ് എൻട്രി വരുത്തുവാൻ കഴിയുകയുള്ളൂ. ആയതിനാൽ സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ഇതിനകം നൽകിയ നിർദ്ദേശ പ്രകാരം റെഗുലർ സോഷ്യൽ ഓഡിറ്റ് നടത്തുകയും റിപ്പോർട്ട് തയ്യാറാക്കി എം.ഐ.എസ്സിൽ അപ്-ലോഡ് ചെയ്യുകയും വേണം.

**23. നിലവിൽ തയ്യാറാക്കിയിരിക്കുന്ന റെഗുലർ സോഷ്യൽ ഓഡിറ്റ് കലണ്ടറിൽ ഗ്രാമസഭകൾ ,ഷെഡ്യൂൾ ചെയ്തിരിക്കുന്നത് ഗ്യാപ് ഇല്ലാതെ തുടർച്ചയാണ്. ഏതെങ്കിലും ദിവസം ഗ്രാമസഭ നടത്താൻ കഴിയാതെ വന്നാൽ പിന്നീട് അത് എങ്ങനെ നടത്തുവാൻ കഴിയും? ഒരു ദിവസം ഒരേ സമയത്ത് ഒരേ സ്ഥലത്ത് 2 വാർഡുകളിലെ ഗ്രാമസഭകൾ നടത്തുവാൻ സാധിക്കുമോ?**

ഏതെങ്കിലും ഒരു ഗ്രാമസഭ നിശ്ചയിക്കപ്പെട്ട ദിവസം നടത്താൻ കഴിയാതെ വന്നാൽ പഞ്ചായത്ത് പ്രസിഡന്റും വാർഡുമെമ്പറുമായി കൂടിയാലോചിച്ച് സൗകര്യപ്രദമായ മറ്റൊരു ദിവസത്തേയ്ക്ക് മാറ്റി നിശ്ചയിച്ച് നടത്താവുന്നതാണ്. ഒരു ദിവസം ഓരേ സ്ഥലത്ത് രണ്ട് ഗ്രാമസഭകൽ വേറെ വേറെ

നടത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഉള്ളപക്ഷം നടത്താവുന്നതാണ്. എന്നാൽ രണ്ട് ഗ്രാമസഭകൾ സംയുക്തമായി സംഘടിപ്പിക്കാൻ പാടില്ല

**24. റെഗുലർ സോഷ്യൽ ഓഡിറ്റിൽ ബി.ആർ.പിമാർ സൈറ്റിൽ പോകേണ്ടി വരുമോ, സ്വന്തം ബ്ലോക്ക് അല്ലാത്തതുകൊണ്ടുതന്നെ എന്നും സൈറ്റ് വെരിഫിക്കേഷൻ ഭാഗമാകേണ്ടിവരുക വളരെ പ്രയാസ മുള്ളതാണ്. ഇക്കാര്യത്തിൽ വ്യക്തമായ നിർദ്ദേശം?**

ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർ എല്ലാ വർക്ക് സൈറ്റിലും പോകുക എന്നത് പ്രായോഗികമല്ല. എന്നാൽ എല്ലാ പഞ്ചായത്ത് പ്രദേശങ്ങളിലും നടക്കുന്ന മുഴുവൻ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങ ളിലും ഫലപ്രദമായ മേൽനോട്ടം നടത്തുകയും അതോടൊപ്പം തന്നെ നടത്താൻ കഴിയുന്ന ഫീൽഡ് വിസിറ്റ് പ്രവർത്തനങ്ങളിൽ പങ്കാളികളാകുകയും വേണം.

**25. ഒരു ദിവസം എത്ര ഗ്രാമസഭകൾ നടത്താൻ സാധിക്കും?**

ഒരു പഞ്ചായത്തിൽ ഒരു ദിവസം ഒരേ സമയത്ത് രണ്ട് ഗ്രാമസഭകൾ നടത്താവുന്നതാണ്. എന്നാൽ ഗ്രാമസഭകൾ ഫെസിലിറ്റേറ്റ് ചെയ്യുന്നതിനാവശ്യമായ റിസോഴ്സ് പേഴ്സൺമാരെ ഉറപ്പാക്കണം.

**26. ഗ്രാമസഭയ്ക്ക് ശേഷം എ.റ്റി.ആർ ലഭിച്ച ശേഷം വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് പുതുക്കണം എന്നുണ്ടോ?**

ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് പുതുക്കി പബ്ലിക് ഹിയറിംഗിൽ അവതരിപ്പിക്കാവുന്നതാണ്.

**27. ഗ്രാമസഭ റിപ്പോർട്ടുകൾ പ്രിന്റ് എടുക്കുന്നതും അനുബന്ധ കാര്യങ്ങൾക്കുമുള്ള ചിലവുകൾ എപ്ര കാരമാണ് ലഭിക്കുക? ഗ്രാമസഭയ്ക്കു മുൻപ് ലഭിക്കുവാനുള്ള മാർഗ്ഗമുണ്ടാകുമോ?**

പ്രിന്റ് എടുക്കുവാൻ വേണ്ട ചിലവ് അനവദിക്കും. ഫണ്ട് ലഭ്യതയനുസരിച്ച് ഫണ്ടിനുള്ള അഭ്യർത്ഥന പരിഗണിയ്ക്കും. ഗ്രാമസഭയോഗങ്ങളിൽ അവതരിപ്പിക്കുന്ന സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കൈയെഴുത്ത് കോപ്പി ആകുന്നതുകൊണ്ട് പ്രശ്നമില്ല.

**28. ഒരു പഞ്ചായത്തിലെ ഗ്രാമസഭ തീയതികൾ തുടർച്ചയുള്ള ദിവസങ്ങളിൽ ആയതിനാൽ ഗ്രാമസഭക ളിൽ പങ്കെടുക്കുവാൻ എൻ.ആർ.ഇ.ജി.എ അധികൃതർ/സെക്രട്ടറി തുടങ്ങിയവർക്ക് അവരുടെ തിര ക്കുകൾ മൂലം സാധിക്കുകയില്ല എന്ന ഒരു സംശയമുണ്ട്. എല്ലാവരുടെയും സഹകരണത്തോടെ നടത്തുവാൻ സമയം ചുരുക്കുവാൻ അടുത്ത വാർഡുകളിലെ ഗ്രാമസഭകൾ ഒന്നിച്ചു നടത്താൻ അനുവദിക്കുമോ?**

ഒന്നിലധികം ഗ്രാമസഭകൾ ഒന്നിച്ച് ഒരു സ്ഥലത്ത് സംയോജിതമായി നടത്തുന്നതിന് നിയമം അനുവദിക്കുന്നില്ല.

**29. എം.ഐ.എസ് റിപ്പോർട്ട് ബി.ആർ.പി.(ഇൻചാർജ്ജ്) ആയ ഞങ്ങൾ എങ്ങനെ തയ്യാറാക്കും?**

മുഴുവൻ ബി.ആർ.പി. ഇൻചാർജ്ജ്മാർക്കും സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കേന്ദ്ര സർക്കാർ രൂപം നൽകിയിട്ടുള്ള എം.ഐ.എസ്സിൽ പരിശീലനം നൽകുന്നതാണ്. ഇതിനായി അടിയന്തിര നടപടികൾ കൈക്കൊള്ളുന്നതാണ്.

**30. എം.ഐ.എസ്. ഇഷ്യൂസ് നിലവിലുള്ളത് അതേപടി പിൻതുടരുകയാണോ വേണ്ടത്? മാറ്റങ്ങൾ എന്തെങ്കിലും?**

എം.ഐ.എസ് ലിസ്റ്റ് ചെയ്തിട്ടുള്ള ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കേരളത്തിന്റെ സവിശേഷ സാഹചര്യങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് റിപ്പോർട്ട് ചെയ്യുകയും പരിഹാര നടപടികൾ നിർദ്ദേശിക്കുകയും വേണം. നിലനിൽക്കുന്ന പ്രശ്നങ്ങളും പോരായ്മകളും പരിഹരിച്ചുകൊണ്ട് കാര്യക്ഷമമായും ഫലപ്രദമായും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിന് സഹായിക്കുക എന്നതായിരിക്കണം സോഷ്യൽ ഓഡിറ്റ് ടീമിന്റെ ലക്ഷ്യം.

**31. ഓരോ വാർഡിൽ ഓഡിറ്റ് പ്രവർത്തനങ്ങൾ പൂർത്തിയാക്കിയതിനുശേഷമാണോ അതോ ഒരു പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലെയും ഓഡിറ്റ് പ്രവർത്തനങ്ങൾ പൂർത്തിയാക്കിയതിനുശേഷമാണോ എക്സിറ്റ് മീറ്റിംഗ് നടത്തേണ്ടത്?**

രേഖകളുടെ പരിശോധനയും ഫീൽഡ് പരിശോധനയും പൂർത്തിയാക്കിയതിനുശേഷം കരട് ഗ്രാമസഭാ റിപ്പോർട്ട് തയ്യാറാക്കി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുക എന്നതാണ് എക്സിറ്റ് മീറ്റിംഗിന്റെ ഉദ്ദേശം. ഗ്രാമസഭ റിപ്പോർട്ട് ഗ്രാമസഭയിൽ അവതരിപ്പിയ്ക്കുന്നതിന് മുമ്പ് എക്സിറ്റ് മീറ്റിംഗ് നടത്തണം.

**32. സ്ഥല പരിശോധന സമയത്ത് വി.ആർ.പിമാർക്ക് എന്തെങ്കിലും അപകടം സംഭവിച്ചാൽ അതിനു ചിലവായ തുക എസ്.എ.യു വഹിക്കുമോ?**

അപകടം സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട പ്രവർത്തനത്തിന്റെ ഭാഗമായി സംഭവിച്ചാതാണെങ്കിൽ അതിനുള്ള ചെലവ് സോഷ്യൽ ഓഡിറ്റ് യൂണിറ്റ് വഹിയ്ക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. ഇൻഷ്യൂറൻസ് പരിരക്ഷയ്ക്കായി കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ വിഷയം എത്തിയ്ക്കുന്നതാണ്.

**33. സ്ഥല പരിശോധനയ്ക്ക് വാർഡിൽ എത്താനുള്ള യാത്രചിലവ് 350 രൂപയ്ക്കും കൂടുതൽ ആണെങ്കിൽ ആ വാർഡിൽ വി.ആർ.പിമാർ പോകാൻ മടിച്ചാൽ എന്തുചെയ്യണം?**

അത്തരം വാർഡുകൾ സംബന്ധിച്ച് ഡി.ആർ.പിമാർ സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ പ്രത്യേക അപേക്ഷ സമർപ്പിച്ച് മുൻകൂട്ടി അനുവാദം നേടി റെഗുലർ സോഷ്യൽ ഓഡിറ്റ് നടത്തുക.

**34. മെഷർമെന്റ് എടുക്കുമ്പോൾ പ്രളയ ബാധിത പ്രദേശങ്ങളിലെ മെഷർമെന്റ് എങ്ങനെ രേഖപ്പെടുത്തണം.?**

പ്രളയംമൂലം ഏതെങ്കിലും പ്രവൃത്തി പൂർത്തിയാക്കിയത് കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ ജില്ലാ കളക്ടർ അടക്കമുള്ള അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി അതിനുള്ള സർട്ടിഫിക്കറ്റ് വാങ്ങുക.

**35. ഫയൽ ചെക്ക് ചെയ്യുമ്പോൾ 22 ഡോക്യൂമെന്റിനു പുറമേ SOP യിലെ മുഴുവൻ പോർഷൻസ് കവർ ചെയ്യണമോ?**

7 രജിസ്റ്ററുകളും 22 ഡോക്യൂമെന്റുകളും പരിശോധിക്കേണ്ടതാണ്. SOP നിഷ്കർഷിക്കുന്ന മറ്റ് രേഖകളും പരിശോധിക്കേണ്ടതാണ്.

**36. എസ്റ്റിമേറ്റ് വെരിഫിക്കേഷൻ, മെഷർമെന്റ് , സാങ്കേതിക രേഖകളുടെ പരിശോധന എന്നിവയ്ക്ക് പ്രത്യേക ട്രെയിനിങ് വി.ആർ.പിമാർക്ക് ലഭിക്കുമോ?**

സാങ്കേതിക വിദഗ്ദ്ധരുടെ സഹായത്തോടുകൂടി ഇക്കാര്യങ്ങളിൽ ആവശ്യമായ പരിശീലനം ലഭ്യമാക്കുന്നതാണ്.

**37. ഒരു ദിവസം എത്രത്തോളം ഫയൽ നോക്കണം എന്നതിന് എന്തെങ്കിലും മാനദണ്ഡം ഉണ്ടോ.? എത്രത്തോളം ഫയൽ ഒരു ദിവസം നോക്കേണ്ടി വരും?**

സാധാരണ ഗതിയിൽ ഫയൽ പരിശോധനയ്ക്ക് 1 മുതൽ 2 ദിവസങ്ങൾ വരെ ആവശ്യമായി വന്നേക്കാം. പ്രവൃത്തികൾ കുറവാണെങ്കിൽ സമയം കുറച്ച് മതിയാകും.

**38. സബ്മിറ്റ് ചെയ്ത മെറ്റീരിയൽ ബില്ലുകളിൽ മിനിമം എമൗണ്ടിനാണോ അതോ കൂടിയ തുകയ്ക്കാണോ എന്നറിയുന്നതിനു എന്തെങ്കിലും മാനദണ്ഡം ഉണ്ടോ?**

പഞ്ചായത്ത് Store Purchase Rules അനുസരിച്ചാണ് സാധന സാമഗ്രികൾ വാങ്ങുന്നത്. ഇത് പാലിച്ചുവോ എന്ന് പരിശോധിക്കാവുന്നതാണ്.

**39. ഗ്രാമസഭയിൽ അംഗീകരിച്ച പ്രവർത്തികൾക്ക് പുറമേ അടിയന്തിര പ്രാധാന്യമുള്ള പ്രവർത്തികൾ ഏറ്റെടുത്തു ചെയ്യുന്നതിന് അംഗീകാരം കൊടുക്കാൻ സാധിക്കുമോ?**

ചില സന്ദർഭങ്ങളിൽ ഇത്തരം പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പാക്കേണ്ടി വന്നേക്കാം. ഇക്കാര്യത്തിൽ തീരുമാനമെടുക്കാനുള്ള അധികാരം പഞ്ചായത്ത് ഭരണസമിതിയ്ക്കാണ്. അതുകൊണ്ട് തന്നെ പ്രവർത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ എന്നാണ് നോക്കേണ്ടത്.

**40 സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ തടസ്സങ്ങളില്ലാതെ മുന്നോട്ട് പോകുന്ന സാഹചര്യം ഇപ്പോൾ നിലവിലുണ്ടോ?**

തടസ്സങ്ങൾ ഇല്ലാതെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനും വേതന കുടിശ്ശിഖ തീർക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട് .

**41. ഗ്രാമസഭകൾ സംഘടിപ്പിക്കുമ്പോൾ വി.ആർ.പിമാർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ?**

വി.ആർ.പി ട്രെയിനംഗ് മാന്വൽ, നോക്കി മനസ്സിലാക്കുക. (Dos and Donot’s).

**42. ഗ്രാമസഭയിൽ അവതരിപ്പിക്കുന്ന സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ഡി.റ്റി.പി. എടുക്കേണ്ടതുണ്ടോ?**

ഗ്രാമസഭയിൽ അവതരിപ്പിക്കുന്ന സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ഡി.റ്റി.പി. എടുക്കണമെന്ന് നിർബന്ധമില്ല. എഴുതി തയ്യാറാക്കി അവതരിപ്പിച്ചാൽ മതിയാകും. എന്നാൽ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി ഗ്രാമപഞ്ചായത്തിനും ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്കും ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർക്കും നൽകേണ്ടതിനാൽ ഡി.റ്റി.പി എടുക്കുന്നതാണ് ഉചിതം.

**ഡോ.എൻ.രമാകാന്തൻ**
ഡയറക്ടർ

തിരുവനന്തപുരം
17.12.2021